ഗാന്ധിസ്മൃതിയിൽ നാടെങ്ങും വിപുലമായ ചടങ്ങുകൾ

പട്ടുവം: കോൺഗ്രസ് (ഐ) അരിയിൽ വാർഡ് കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ ഗാന്ധിജയന്തി ആഘോഷിച്ചു. 'ഗാന്ധിജിയും ജനാധിപത്യവും' എന്ന വിഷയത്തിൽ കരയപ്പാത്ത് ഗോവിന്ദൻ ക്ലാസെടുത്തു. അപ്പക്കൻ അഹമ്മദ് അധ്യക്ഷനായി. കെ.വി.ദാവൂദ്. എം.കെ.ഇസ്മയിൽ, സി.ബാബു, ടി.ലക്ഷ്മണൻ, കെ.ഷൈജു സംസാരിച്ചു.

കണ്ണപുരം: മഹാത്മഗന്ധിയുടെ 150-ാം ജന്മവാർഷികദിനം കണ്ണപുരം മണ്ഡലം കോൺഗ്രസ് കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ ആഘോഷിച്ചു. മണ്ഡലം പ്രസിഡണ്ട് രാജേഷ് പാലങ്ങാട്ട് അധ്യക്ഷത വഹിച്ചു. അനുസ്മരണയോഗം ഡി.സി.സി ജന. സെക്രട്ടറി രഘുരാമൻ കീഴറ ഉദ്ഘാടനം ചെയ്തു. ബ്ലോക്ക് കോൺഗ്രസ് പ്രസിഡണ്ട് കാപ്പാടൻ ശശിധരൻ, എം.നാരായണൻ, ദിനു മൊട്ടമ്മൽ, വി.വി.രവീന്ദ്രൻ, ഷാജി കാവുങ്കൽ, സന്തോഷ് വള്ളുവൻകടവ്, വി.വി.ജയരാജൻ പ്രസംഗിച്ചു.

സ്വാതന്ത്ര്യ സമരനായകനും മുൻ പ്രധാനമന്ത്രി ലാൽബഹദൂർ ശാസ്ത്രിയുടെ 114-ാം ജന്മവാർഷിക ദിനാചരണം കണ്ണപുരം മണ്ഡലം യൂത്ത്കോൺഗ്രസ് കമ്മിറ്റിയുടെ നേതൃത്വത്തിൽ നടത്തി. മണ്ഡലം കോൺഗ്രസ് പ്രസിഡണ്ട് രാജേഷ് പാലങ്ങാട്ട് ഉദ്ഘാടനം ചെയ്തു. യൂത്ത് കോൺഗ്രസ് മണ്ഡലം പ്രസിഡണ്ട് ഷാജി കാവുങ്കൽ അധ്യക്ഷത വഹിച്ചു. സന്തോഷ് വള്ളുവൻകടവ്, പ്രജീഷ് കീഴറ, എ.ജനാർദ്ദനൻ, ടി.നവനീത് നേതൃത്വം നൽകി.

തളിപ്പറമ്പ: മുതുകുട മഹാത്മാ സ്വയംസഹായ സംഘത്തിന്റെ ആഭിമുഖ്യത്തിൽ ഗാന്ധിജയന്തി ദിനം ആഘോഷിച്ചു. ഒ.രവീജൻ, ടി.രമേശൻ, കെ.സതീശൻ, കെ.മുരളീധരൻ നേതൃത്വം നൽകി.

പയ്യാവൂർ : ഗാന്ധി ജയന്തി ദിനത്തിൽ സീനിയർ സിറ്റിസൺ പയ്യാവൂർ യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ ഗാന്ധി പ്രതിമക്കു മുമ്പിൽ പുഷ്പാർച്ചന നടത്തി. യോഗത്തിൽ പ്രസിഡന്റ് കെ. പി. കണ്ണൻ നമ്പ്യാർ ബോധവത്കരണ ക്ലാസ്സ് നടത്തി. സെക്രട്ടറി കെ. എസ്. മാത്യു,തോമസ് പനോലിക്കൽ, സീനിയർ സിറ്റിസൺ പയ്യാവൂർ പഞ്ചായത്ത് കമ്മിറ്റി പ്രസിഡന്റ് ഗോപാലകൃഷ്ണൻ, സെക്രട്ടറി ഫിലിപ്പ് കോളങ്ങയിൽ പ്രസംഗിച്ചു.

തളിപ്പറമ്പ: ഗാന്ധിജയന്തി ദിനത്തിൽ തൃച്ചംബരത്തെ ഇലത്താളം വയൽ റസിഡന്റ്സ് അസോസിയേഷൻ ശുചീകരണവും കായിക മത്സരവും നടത്തി. പ്രസിഡണ്ട് അഡ്വ. എം.കെ.വേണുഗോപാൽ അധ്യക്ഷനായി. സെക്രട്ടറി കെ.വി.ബൈജു സ്വാഗതം പറഞ്ഞു. രക്ഷാധികാരി കെ.മാധവൻ മാസ്റ്റർ സമ്മാനദാനം നിർവഹിച്ചു.

ആലക്കോട്: ഗാന്ധിജയന്തി ദിനാചരണത്തോടനുബന്ധിച്ച് ബി.ജെ.പി പ്രവർത്തകർ ആലക്കോട് ടൗൺ ശുചീകരിച്ചു. സി.ജി. ഗോപൻ, പി.കെ.പ്രകാശൻ, എം.ജി.ജയേഷ്, കെ.എസ്.വിജിത്ത്, ലിറ്റോമണി, ബിജു നേതൃത്വം നൽകി.

ബി.ജെ.പി പ്രവർത്തകർ ആലക്കോട് ടൗൺ ശുചീകരിക്കുന്നു

പുളിമ്പറമ്പ് ശ്രീകൃഷ്ണ-ദുർഗ്ഗാ ക്ഷേത്രം നവരാത്രി ആഘോഷം പത്ത് മുതൽ

പുളിമ്പറമ്പ്: ശ്രീകൃഷ്ണ-ദുർഗാ ക്ഷേത്രത്തിലെ നവരാത്രി ആഘോഷം പത്ത് മുതൽ 19 വരെ നടത്തപ്പെടും. 16ന് സന്ധ്യക്ക് സർവ്വൈശ്വര്യ വിളക്ക്പൂജ, 17ന് വൈകുന്നേരം 6 മണിക്ക് ഗ്രന്ഥം വെപ്പ്, 19ന് രാവിലെ വാഹനപൂജ, ഗ്രന്ഥമെടുപ്പ്, വിദ്യാരംഭം എന്നിവ നടക്കും. എല്ലാ ദിവസവും ഭജനയും ദർഗാ പൂജയും ഉണ്ടാകും.

ഹൈവേ പട്രോളിംഗ് മലയോരത്തേക്ക് നീട്ടണം; വ്യാപാരികൾ നിവേദനം നൽകി

കരുവഞ്ചാൽ: അന്തർസംസ്ഥാന പാതയായ തളിപ്പറമ്പ- ആലക്കോട്- കൂർഗ് ബോർഡർ റോഡിൽ അമിത വേഗതയെ തുടർന്ന് വാഹനാപകടങ്ങൾ തുർക്കഥയാകുന്ന സാഹചര്യത്തിൽ ഇത് തടയുന്നതിനും മലയോര മേഖലയിലെ റോഡുകൾ കേന്ദ്രീകരിച്ചുള്ള സാമൂഹ്യവിരുദ്ധ ശല്യം തടയുന്നതിനുമായി ഹൈവേ പോലീസിന്റെ പട്രോളിംഗ് മലയോരത്തേക്ക് നീട്ടണമെന്നാവശ്യപ്പെട്ട് കേരള വ്യാപാരി വ്യവസായി ഏകോപന സമിതി കരുവഞ്ചാൽ യൂണിറ്റ് കണ്ണൂർ എസ്.പിക്ക് നിവേദനം നൽകി. തളിപ്പറമ്പ് മുതൽ കർണ്ണാടക അതിർത്തിയായ വായിക്കമ്പ വരെയുള്ള ടി.സി.ബി റോഡ് വിവിധ പോലീസ് സ്റ്റേഷനുകളുടെ പരിധിയിൽ വരുന്നതിനാൽ ഫലപ്രദമായ വാഹന പരിശോധന സാധ്യമാകാത്ത സാഹചര്യത്തിൽ ഹൈവേ പോലീസിന്റെ സേവനം ആവശ്യമായി വരികയാണെന്ന് നിവേദനത്തിൽ ചൂണ്ടിക്കാട്ടി. പ്രസിഡണ്ട് ജയിംസ് പുത്തൻപുര, ജനറൽ സെക്രട്ടറി ടോമി ജോസഫ് എന്നിവരുടെ നേതൃത്വത്തിലാണ് നിവേദനം നൽകിയത്.

വിവാഹേതര ലൈംഗിക ബന്ധം ലൈംഗിക അരാജകത്വം സൃഷ്ടിക്കും: എം.ജി. എം

പാനൂർ: വിവാഹേതര ലൈംഗിക ബന്ധവും, സ്വവർഗ്ഗരതിയും ക്രിമിനൽ കുറ്റമല്ലെന്ന സുപ്രീം കോടതിയുടെ വിധിന്യായം ലൈംഗിക അരാജകത്വം സൃഷ്ടിക്കാനും, അത് വഴി കുടുംബ ഭദ്രത തകരാനും കാരണമാകുമെന്ന് മുസ്ലിം ഗേൾസ് ആന്റ് വിമൻസ് മൂവ്മെന്റ് (എം.ജി.എം) കടവത്തൂർ ഏരിയാ സമ്മേളനം അഭിപ്രായപ്പെട്ടു.

കെ.എൻ.എം. ജില്ലാ വൈസ് ചെയർമാൻ പ്രൊഫ: എൻ.കെ.അഹമ്മദ് മദനി ഉദ്ഘാടനം ചെയ്തു. സി.എച്ച്. ഇസ്മായിൽ ഫാറൂഖി മുഖ്യപ്രഭാഷണം നടത്തി. കളത്തിൽ അബ്ദുള്ള അദ്ധ്യക്ഷത വഹിച്ചു. കിഴക്കേടത്ത് അബൂബക്കർ, കൊടോളിൻ അബ്ദുള്ള പ്രസംഗിച്ചു. ഭാരവാഹികളായി എൻ.നജ്മ (പ്രസിഡണ്ട്), ടി.സക്കീന, കെ.കെ.ഖദീജ, ആർ.ശരീഫ (വൈ: പ്രസിഡണ്ട്) എ.സി.മുനീറ (സെക്രട്ടറി) ടി.ഹഫ്സ, എ.കെ.താഹിറ, എ.സി.ജരീദ(ജോ: സെക്രട്ടറി) ഖദീജ കിഴക്കേടത്ത് (ട്രഷറർ) എന്നിവരെ തെരഞ്ഞെടുത്തു. ടി. മുഹമ്മദ് അശ്രഫ് മാസ്റ്റർ സ്വാഗതവും, മുനീറ എ.സി. നന്ദിയും പറഞ്ഞു.

തളിപ്പറമ്പ് നഗരസഭ ശുചീകരണ, ഹരിതസേന പ്രവർത്തകർ കെ.സി.വൈ.എം തലശേരി അതിരൂപത ഭാരവാഹികൾക്കൊപ്പം

തളിപ്പറമ്പ് നഗരസഭക്ക് കെ.സി.വൈ.എമ്മിന്റെ ആദരം

തളിപ്പറമ്പ്: മാതൃകാപരമായ ശുചീകരണ പ്രവർത്തനങ്ങൾ നടപ്പിലാക്കിയതിന് തളിപ്പറമ്പ് നഗരസഭ ശുചീകരണ പ്രവർത്തകരെയും ഹരിത കർമ്മ സേന പ്രവർത്തകരെയും കെ.സി.വൈ.എം. തലശേരി അതിരൂപതയുടെ നേതൃത്വത്തിൽ ആദരിച്ചു.

തളിപ്പറമ്പ് സെന്റ് മേരീസ് ഫൊറോന ദേവാലയം വികാരി ഫാദർ ഏബ്രഹാം പോണാട് ഉദ്ഘാനം ചെയ്തു. അതിരൂപത പ്രസിഡണ്ട് ജിതിൻ മുടപ്പാല അദ്ധ്യക്ഷത വഹിച്ചു. നഗരസഭ ചെയർമാൻ മഹമൂദ് അള്ളാംകുളം ഉപഹാരം ഏറ്റുവാങ്ങി. അതിരൂപത ഡയറക്ടർ ഫാ.സോണി വടശേരിൽ, ഫാ.ജോബിൻ കൊട്ടാരം, നഗരസഭ സെക്രട്ടറി കെ.അഭിലാഷ്, ഹെൽത്ത് ഇൻസ്പെക്ടർമാരായ പി.പി. ബൈജു, വി.വി. മനോജ് കുമാർ, ലൈബ്രേറിയൻ വി.വി.വിജയൻ സംബന്ധിച്ചു.

വായാട്ടുപറമ്പ് സെന്റ് ജോസഫ്സ് യു.പി സ്കൂളിൽ നടന്ന ദണ്ഡി മാർച്ചിന്റെ ദൃശ്യാവിഷ്ക്കാരം.

ദണ്ഡിമാർച്ചിന്റെ പുനരാവിഷ്ക്കരണവുമായി വിദ്യാർത്ഥികൾ

ആലക്കോട്: ഗാന്ധിജയന്തി ദിനാഘോഷത്തോടനുബന്ധിച്ച് ദണ്ഡിയാത്രയുടെ ദൃശ്യാവിഷ്ക്കാരം ഒരുക്കി വിദ്യാർത്ഥികൾ. വായാട്ടുപറമ്പ് സെന്റ് ജോസഫ്സ് യു.പി സ്കൂളിലെ വിദ്യാർത്ഥികളാണ് കേട്ടറിവ് മാത്രമുള്ള 1930ലെ ഗാന്ധിജിയുടെ ദണ്ഡിയാത്ര വീണ്ടും പുനരാവിഷ്ക്കരിച്ചത്. മഹാത്മ ഗാന്ധിജിയുടെയും സരോജിനി നായിഡുവിന്റെയും വേഷമണിഞ്ഞ് എത്തിയ വിദ്യാർത്ഥികൾ ഏവർക്കും കൗതുകമായി. ഉപ്പുനിയമ ലംഘനം നടത്തിയ ദണ്ഡിയാത്രയെ അനുസ്മരിച്ച് 78 ഖദർ വേഷധാരികളായ വിദ്യാർത്ഥികളും മാർച്ചിൽ പങ്കുചേർന്നു. രഘുപതി രാഘവ രാജാറാം എന്ന സമര ഗാനത്തിന്റെ ഈരടികൾ പാടി വിദ്യാർത്ഥികൾ ദണ്ഡിയാത്രയായി കടന്നു ചെന്നപ്പോൾ മുതിർന്നവർക്കും കൗതുകമായി. വായാട്ടുപറമ്പ് എച്ച്.എസ്, എച്ച്.എസ്.എസ്, വായാട്ടുപറമ്പ് ടൗൺ എന്നിവിടങ്ങളിലൂടെയാണ് ദണ്ഡി മാർച്ച് നടത്തിയത്. പ്രധാനധ്യാപകൻ ജേക്കബ് അഗസ്റ്റിൻ അട്ടാറിമാക്കൽ ഗാന്ധിജയന്തി സന്ദേശം നൽകി. അധ്യാപകരായ ഫാദർ ജോണി സെബാസ്റ്റ്യൻ, ബിജു തോമസ്, റ്റിജോ മാത്യു, എൽസമ്മ ജോർജ്, ജോസഫ് വർഗീസ്, മേരി ജോസ് നേതൃത്വം നൽകി. തുടർന്ന് വിദ്യാർത്ഥികൾ സ്കൂൾ പരിസരത്ത് ശുചീകരണ പ്രവർത്തനത്തിലും ഏർപ്പെട്ടു.

സ്കൗട്ട് ആന്റ് ഗൈഡ് കാര്യാലയം ശുചീകരിച്ചു

തളിപ്പറമ്പ: സ്വഛതാഹി സേവായുടെ ഭാഗമായി സീതി സാഹിബ് ഹയർ സെക്കണ്ടറി സ്കൂൾ സ്കൗട്ട് ആന്റ് ഗൈഡ്സ് യൂണിറ്റിന്റെ നേതൃത്വത്തിൽ സ്കൗട്ട്കാര്യാലയം ശുചീകരിച്ചു. സ്കൗട്ട് മാസ്റ്റർ കെ.ടി.പി.മുഹമ്മദ് യൂനുസ്, ഗൈഡ്സ് ക്യാപ്റ്റൻ പി.അനിത, ലീഡർമാരായ എൻ. പി.ഷഹനാജ്, കാവ്യ വിനോദ് നേതൃത്വം നൽകി. അധ്യാപകരായ പി.വി.ഫൈസൽ, അബ്ദുൾ റൗഫ് സംസാരിച്ചു.

വാർഷിക പൊതുയോഗം നാളെ

തളിപ്പറമ്പ: പൂക്കോത്ത് കൊട്ടാരം ദേവസം മെമ്പർമാരുടെ വാർഷിക പൊതുയോഗം നാളെ രാവിലെ 10 മണിക്ക് പൂക്കോത്ത് കൊട്ടാരത്തിൽ ചേരും.

അയ്യപ്പ സേവ സമാജം രൂപീകരിച്ചു

ആലക്കോട്: ശബരിമലയിലെ ആചാരനുഷ്ഠാനങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടി പ്രവർത്തിക്കുന്നതായി ആലക്കോട് അയ്യപ്പ സേവ സമാജം രൂപീകരിച്ചു. പി.കെ. ശ്രീകുമാർ അധ്യക്ഷത വഹിച്ചു. എം.ജി. ജയേഷ്, വിശ്വനാഥൻ, സി.ജി. ഗോപൻ പ്രസംഗിച്ചു. ഭാരവാഹികളായി ജി. ഹരികുമാർ (പ്രസിഡണ്ട്), സതീഷ്കുമാർ പാറയ്ക്കൽ (ജനറൽ സെക്രട്ടറി), റെജി പട്ടറയ്ക്കൽ (ട്രഷറർ) എന്നിവരെ തിരഞ്ഞെടുത്തു.

ആലക്കോട് പോലീസ് രക്തദാനസേന രൂപീകരിച്ചു; ക്യാമ്പ് എട്ടിന്

ആലക്കോട്: ആലക്കോട് ജനമൈത്രി പോലീസ് നേതൃത്വത്തിൽ പോലീസ് സ്റ്റേഷൻ കേന്ദ്രമായി രക്തദാനസേന രൂപീകരിച്ചു. 20 ഓളം പോലീസുകാർ ഉൾപ്പെടെ 40 പേർ അടങ്ങുന്ന സേനയാണ് രൂപീകരിച്ചത്. പരിയാരം മെഡി. കോളേജ് സഹകരണത്തോടെ സംഘടിപ്പിക്കുന്ന രക്തദാന ക്യാമ്പ് എട്ടിന് രാവിലെ 10 മുതൽ ആലക്കോട് വ്യാപാരഭവനിൽ നടക്കും. ആലക്കോട് സി.ഐ ഇ.പി.സുരേശന്റെ അധ്യക്ഷതയിൽ തളിപ്പറമ്പ് ഡി.വൈ.എസ്.പി കെ.വി.വേണുഗോപാൽ ഉദ്ഘാടനം ചെയ്യും. അടിയന്തരഘട്ടങ്ങളിൽ രക്തം ആവശ്യമായി വരുന്നവരെ സഹായിക്കുകയെന്ന ലക്ഷ്യത്തോടെയാണ് സേന രൂപീകരിച്ചിരിക്കുന്നതെന്ന് ജനമൈത്രി പോലീസ് ഭാരവാഹികൾ അറിയിച്ചു.

മാമാനിക്കുന്ന് മഹാദേവി ക്ഷേത്രത്തിൽ ദേവീ ഭാഗവത നവാഹയജ്ഞം മുന്നോക്കസമുദായ ക്ഷേമ കോർപ്പറേഷൻ ഡയറക്ടർ കെ.സി. സോമൻ നമ്പ്യാർ ഉദ്ഘാടനം ചെയ്യുന്നു.

നവാഹ യജ്ഞം തുടങ്ങി

ഇരിക്കൂർ: നവരാത്രി ആഘോഷത്തിന്റെ മുന്നോടിയായി മാമാനിക്കുന്ന് മഹാദേവി ക്ഷേത്രത്തിൽ ദേവീ ഭാഗവത നവാഹ യജ്ഞം തുടങ്ങി. മേൽശാന്തി ചന്ദ്രൻ മൂസത് ഭദ്രദീപം തെളിച്ചു. മുന്നോക്ക സമുദായ ക്ഷേമ കോർപ്പറേഷൻ ഡയറക്ടർ കെ.സി. സോമൻ നമ്പ്യാർ ഭക്തജന സമ്മേളനം ഉദ്ഘാടനം ചെയ്തു. കെ. ടി.ഹരിശ്ചന്ദ്രൻ നമ്പ്യാർ അധ്യക്ഷത വഹിച്ചു. എക്സിക്യൂട്ടീവ് ഓഫീസർ പി.മുരളീധരൻ, യജ്ഞാചാര്യൻ സ്വാമി കൃഷ്ണാനന്ദ സരസ്വതി സംസാരിച്ചു.

സഹായി സ്ഥാപക ദിനാചരണം നടത്തി

തളിപ്പറമ്പ: സഹായി സ്ഥാപകദിനാചരണത്തോടനുബന്ധിച്ച് വൈവിധ്യമാർന്ന പരിപാടികൾ സംഘടിപ്പിച്ചു. പനങ്ങാട്ടൂർ കെ.വി.ചന്ദ്രൻ സ്മാരകവായനശാലയുമായി സഹകരിച്ച് വിദ്യാർത്ഥികൾക്ക് 'പ്ലാസ്റ്റിക്കിനെ ചെറുക്കുക' എന്ന സന്ദേശവുമായി സൗജന്യ മഷിപ്പേന വിതരണം ചെയ്തു. പരിയാരം ഗ്രാമപഞ്ചായത്ത് വിദ്യാഭ്യാസ-ആരോഗ്യ സ്റ്റാന്റിങ്ങ് കമ്മിറ്റി ചെയർമാൻ പി.പി.രഘു ഉദ്ഘാടനം ചെയ്തു. സഹായി പ്രസിഡണ്ട് കെ.പി.സി ഹാരിസ് അധ്യക്ഷത വഹിച്ചു. സെക്രട്ടറി കെ.മുഹമ്മദ് ഷാഫി റെഡ്യൂസ്-റീയൂസ്-റീസൈക്കിൾ എന്ന വിഷയത്തിൽ ക്ലാസെടുത്തു. റാഫി ചർച്ചമ്പലപ്പള്ളി, യൂനുസ് ഹൈവേ മൊയ്തു പറമ്മൽ, കെ.വി.ലക്ഷ്മണൻ, സി.വി.ശ്രീകേഷ്, ഡോ.ബഷീർ, യൂനുസ് മാസ്റ്റർ എന്നിവർ പ്രസംഗിച്ചു. ക്വിസ് മത്സരത്തിൽ ടി.കെ.ദിയ, കെ.വിചിൻമയ, ആദിത്യദാസ് എന്നിവർ വിജയികളായി. ബാലവേദി സെക്രട്ടറി കുമാരി ആദിത്യ ചന്ദ്രൻ സ്വാഗതവും ലൈബ്രേറിയൻ പി.സുശീല നന്ദിയും പറഞ്ഞു.

പൂർവ്വ വിദ്യാർത്ഥിസംഗമം സംഘടിപ്പിക്കുന്നു

ആലക്കോട: കാർത്തികപുരം ഗവ. ഹൈസ്കൂളിലെ ആദ്യ എസ്.എസ്.എൽ.സി ബാച്ചിലെ (1979) വിദ്യാർത്ഥികളുടെ സംഗമം നവംബറിൽ സംഘടിപ്പിക്കും. ഇതുസംബന്ധിച്ച ആലോചനായോഗം നാളെ രാവിലെ 10 മണിക്ക് സ്കൂളിൽ ചേരും. ഫോൺ: 9400456689, 9447555004

കുറ്റേരി വയലിൽ മൂന്നാംവർഷവും നൂറുമേനി കൊയ്തു

തളിപ്പറമ്പ: തരിശ് രഹിത നെൽകൃഷി പദ്ധതിയുടെ ഭാഗമായി നന്മ സ്വാശ്രയസംഘം മുക്കുന്നിന്റെ ആഭിമുഖ്യത്തിൽ 25 വർഷക്കാലം തരിശായി കിടന്ന കുറ്റേരി വയലിലെ നാല് ഏക്കർ പാടശേഖരം തുടർച്ചയായ മൂന്നാംവർഷവും നൂറുമേനി കൊയ്തു. കൊയ്ത്തുത്സവം പരിയാരം ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് എ.രാജേഷ് നിർവഹിച്ചു. എം. ടി.മനോഹരൻ, കൃഷി ഓഫീസർ ഗംഗാധരൻ, കൃഷി അസി. ശ്രീദേവി, പാടശേഖര സമിതി പ്രസിഡണ്ട് സി.ജയരാജൻ, കെ.വിജയൻ, കെ.ലക്ഷ്മണൻ, പി.രമേശൻ, പി.ലക്ഷ്മണൻ സംസാരിച്ചു. സംഘം പ്രസിഡണ്ട് ടി.ഇ.ജയരാജൻ സ്വാഗതവും ഐ.പി.വിമൽ നന്ദിയും പറഞ്ഞു.

സഹായി ദിനാചരണത്തോടനുബന്ധിച്ചുള്ള സൗജന്യ മഷിപ്പേനയുടെ വിതരണോദ്ഘാടനം പരിയാരം ഗ്രാമപഞ്ചായത്ത് വിദ്യാഭ്യാസ -ആരോഗ്യ സ്റ്റാന്റിംഗ്കമ്മിറ്റി ചെയർമാൻ പി.പി.രഘു നിർവ്വഹിക്കുന്നു.

ജനവാസ മേഖലയിൽ മാലിന്യ പ്ലാന്റ് സ്ഥാപിക്കാൻ നീക്കമെന്ന്; നാട്ടുകാർ പരാതി നൽകി

ആലക്കോട്: ജനവാസ മേഖലയിൽ മാലിന്യ പ്ലാന്റ് സ്ഥാപിക്കുന്നതായി ആരോപിച്ച് നാട്ടുകാർ പരാതി നൽകി. അരങ്ങത്ത് പഞ്ചായത്ത് ഓഫീസിന്റെ പിന്നിലായി മിനി സ്റ്റേഡിയത്തിനായി നീക്കി വെച്ച സ്ഥലത്ത് മാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിക്കാനുള്ള പഞ്ചായത്ത് നീക്കം അനുവദിക്കില്ലെന്ന് പ്രഖ്യാപിച്ചാണ് പരിസരവാസികൾ ചേർന്ന് ആലക്കോട് പഞ്ചായത്ത് അധികൃതർക്ക് പരാതി നൽകിയത്. നൂറുകണക്കിന് കുടുംബങ്ങൾ അധിവസിക്കുന്ന സ്ഥലത്ത് പ്ലാന്റ് സ്ഥാപിക്കുന്നത് ഗുരുതര ആരോഗ്യ- പരിസ്ഥിതിക പ്രശ്നങ്ങൾ ഉയർത്തുമെന്ന് ചൂണ്ടിക്കാട്ടിയാണ് നാട്ടുകാർ പരാതി നൽകിയത്. പ്രതിഷേധമുയർത്തിയുള്ള ബാനർ പഞ്ചായത്ത് ഓഫീസിന് മുന്നിൽ സ്ഥാപിക്കുകയും ചെയ്തു. ജനകീയ സമരസമിതി ആഭിമുഖ്യത്തിലാണ് നാട്ടുകാർ പ്ലാന്റിനെതിരെ പ്രക്ഷോഭം ആരംഭിച്ചത്.

നുണപ്രചരിപ്പിച്ച് ബി.ജെ.പി കലാപത്തിനൊരുങ്ങുന്നു: പോപ്പുലർ ഫ്രണ്ട്

കമ്പിൽ: കമ്പിൽ പ്രദേശങ്ങളിൽ വിദ്വേഷരാഷ്ട്രീയം പ്രചരിപ്പിച്ച് കലാപം സൃഷ്ടിക്കാനുള്ള നീക്കമാണ് ബിജെപി നടത്തുന്നതെന്ന് പോപ്പുലർ ഫ്രണ്ട് കമ്പിൽ ഏരിയാ പ്രസിഡന്റ് പി പി ശിഹാബ് പ്രസ്താവിച്ചു. കമ്പിൽ ടൗണിൽ വാഹനമിടിച്ച് തെരുവുനായ ചത്ത സംഭവത്തെ വർഗീയധ്രുവീകരണം ലക്ഷ്യമിട്ട് ആയുധപരിശീലനമെന്ന് പ്രചരിപ്പിച്ച ബിജെപി നേതാക്കൾ സ്വയം പരിഹാസ്യരാവുകയാണ്. വാഹനമിടിച്ചാണ് നായ ചത്തതെന്ന സത്യാവസ്ഥ സിസിടിവി ദൃശ്യങ്ങളിലൂടെ പോലിസ് പുറത്തുവിട്ടിട്ടും കുപ്രചാരണം തുടരുന്ന നേതാക്കൾക്കെതിരേ ശക്തമായ നടപടിയെടുക്കണം. നുണപ്രചാരണത്തിലൂടെ കലാപത്തിനൊരുങ്ങുന്ന ആർഎസ്എസ്-ബിജെപി ഗൂഢാലോചന തിരിച്ചറിഞ്ഞ് ജനകീയപ്രതിരോധം തീർക്കാൻ മുഴുവൻ ജനാധിപത്യ മതേതര വിശ്വാസികളും ജാഗ്രതയോടെ നിലകൊള്ളണമെന്നും പ്രസ്താവനയിൽ വ്യക്തമാക്കി.

ഗതാഗതക്കുരുക്ക് ഒഴിവാക്കാൻ ബസുകൾ ചിറവക്ക് വഴി പോകാൻ അനുവദിക്കണം

തളിപ്പറമ്പ: മാർക്കറ്റ് റോഡിലെ ഗതാഗതകുരുക്ക് ഒഴിവാക്കാൻ ബസുകൾ ചിറവക്ക് വഴി തന്നെ പോകുവാൻ അനുവദിക്കണമെന്ന് മോട്ടോർ എംപ്ലോയീസ് യൂണിയൻ (സി.ഐ.ടി.യു) തളിപ്പറമ്പ ഡിവിഷൻ കമ്മിറ്റിയോഗം അഭ്യർത്ഥിച്ചു. നിലവിൽ ശ്രീകണ്ഠപുരം, ആലക്കോട് ഭാഗത്തേക്കുള്ള ബസുകൾ ചിറവക്ക് വഴിയാണ് സർവീസ് നടത്തുന്നത്. ട്രാഫിക് പരിഷ്കരണത്തിന്റെ ഭാഗമായി ബസുകൾ മാർക്കറ്റ് റോഡിലൂടെ സർവീസ് നടത്തണമെന്നാണ് തീരുമാനം. ഇതൊഴിവാക്കണമെന്നാണ് ബസ് തൊഴിലാളികളുടെ ആവശ്യം. ചിറവക്കിലെ ബസ് ഷെൽട്ടർ അക്കിപ്പറമ്പ് സ്കൂളിന് സമീപത്തേക്ക് മാറ്റണമെന്നും ബസ്സ്റ്റാന്റിൽ ഹോംഗാർഡിന് പകരം പോലീസുകാരെ നിയമിക്കണമെന്നും ബസ്സ്റ്റാന്റിൽ ട്രാക്ക് വരക്കണമെന്നും യോഗം ആവശ്യപ്പെട്ടു. ബസ്യുടമസ്ഥ സംഘം ചെയർമാൻ എം.വി.വത്സൻ, രാജ്കുമാർ കരുവാരത്ത്, കെ.വി ജയൻ, റിജി, കെ.ജയരാജൻ, വി.വി.ശശീന്ദ്രൻ, ആലിക്കുഞ്ഞി പന്നിയൂർ, കെ.കെ.ശ്രീജിത്ത്, താവം ബാലകൃഷ്ണൻ, സി.എച്ച്. ലക്ഷ്മണൻ, പി.ഷറിത്ത്, കെ.വി.രാജൻ സംസാരിച്ചു.

നന്മ സ്വാശ്രയസംഘം മുക്കുന്നിന്റെ ആഭിമുഖ്യത്തിൽ കുറ്റേരി വയലിൽ കൊയ്ത്തുൽസവം പരിയാരം പഞ്ചായത്ത് പ്രസിഡണ്ട് എ. രാജേഷ് ഉദ്ഘാടനം ചെയ്യുന്നു.

കൈമാറ്റത്തിന്

തളിപ്പറമ്പ – കണ്ണൂർ റോഡിൽ ചുങ്കത്ത് നല്ല നിലയിൽ പ്രവർത്തിക്കുന്ന എയർലൈൻസ് ഓഫീസ് ലൈസൻസോടുകൂടി കൈമാറ്റത്തിന്. ആവശ്യമുള്ളവർ മാത്രം നേരിൽ ബന്ധപ്പെടുക.
സമയം: (8 AM to 1 PM)
9061195007
9446919007

സ്ഥലം വിൽപ്പനക്ക്

തൃച്ചംബരം – മുയ്യം റോഡിൽ മലബാർ പുട്ടുപൊടി കമ്പിനിക്ക് സമീപം 9 സെന്റ് sq.plot സ്ഥലം വിൽപ്പനക്ക്
Contact:
9747206510
9446032635

ഷോപ്പ് കൈമാറ്റത്തിന്

ചെറുപുഴ ബസ്സ്റ്റാന്റിന് സമീപം നല്ല രീതിയിൽ പ്രവർത്തിക്കുന്ന ഷോപ്പ് കൈമാറ്റത്തിന്/വിൽപ്പനക്ക്. ബന്ധപ്പെടുക:
Ph: 9495513020
7902867816

വിൽപ്പനക്ക്

തളിപ്പറമ്പ് കുറ്റിക്കോലിൽ 18,33,36,50 സെന്റ് സ്ഥലവും മരങ്ങളും വിൽപ്പനക്ക്. അടക്കവിലക്ക്.
04972780550

Weds
ON SUNDAY
07-10-2018
സുഖദുഃഖങ്ങളുടെ ജീവിതയാത്രയിൽ ഐശ്വര്യവും സമാധാനവും സമൃദ്ധിയും നിറയട്ടെ. നവദമ്പതികൾക്ക് ഒരായിരം മംഗളാശംസകൾ
SUHAIL.K.K
S/o. Musthafa.C.P
K.K.House
Pattuvam Kadavu
FARISA.P.P
D/o. Abdul Nasar.K
Puthiyapurayil
Valakkai, Koyyam

എള ടീം പട്ടുവം